കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 22 | ഫെബ്രുവരി 28 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

7 ദേശീയ സെമിനാർ– (AGMET 2022) ഫെബ്രുവരി 15, 17
7 വാഴനാരുത്പാദനവും സംരംഭകത്വ സാധ്യതകളും പരിശീലന പരിപാടി സംഘടിപ്പിച്ചു
8 കോൾപാടത്ത് ഡ്രോൺ പറന്നു

# ശ്രദ്ധേയമായി വൈഗ 2023




സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും പൊതുസംരംഭകരെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് 'കാർഷികമേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം' എന്ന ആശയത്തെ മുൻനിർത്തി 2023 ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ കൃഷിവകുപ്പ് സംഘടിപ്പിച്ച വൈഗ 2023 സംരംഭകരുടെയും ശാസ്ത്രജ്ഞരുടെയും നവാഗതരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം കൊണ്ട് ചരിത്രം കുറിച്ചിരിക്കുകയാണ്. 2016 മുതൽ സംഘടിപ്പിച്ചുവരുന്ന വൈഗയിലൂടെ (VAIGA Value Addition for Income Generation in Agriculture) കർഷകർക്കും പൊതുജനങ്ങൾക്കും പുതുസംരംഭകർക്കും കാർഷികമേഖലയിലെ അത്യാധുനിക സാങ്കേതികമുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷികവിദഗ്ദ്ധർക്ക് പുതിയ സാങ്കേതികവിദ്യകൾ പങ്കിടുന്നതിനുമുള്ള അവസരങ്ങളും കാർഷികപ്രദർശനവും കാർഷികസെമിനാറുകളും ശില്പശാലകളും ബിസിനസ്സ്മീറ്റും അഗ്രിഹാക്കത്തോണും നടത്തപ്പെട്ടതും ശ്രദ്ധേയമായി.

സംരംഭകരുടെയും നവാഗതരുടെയും ആശയങ്ങളെ വായ്പ്പാ ബന്ധിതമാക്കാൻ ഉതകുന്ന, ബാങ്കുകളുടെ മാനദണ്ഡമനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഡിപിആർ ക്ലിനിക്, കേരളത്തിന്റെ പരമ്പരാഗത ഉത്പന്നങ്ങൾ, ഭൗമസൂചക പദവി ലഭിച്ച ഉത്പന്നങ്ങൾ, സംസ്കരിച്ച മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുവാൻ ബി2ബി മീറ്റ് എന്നിവ വൈഗ 2023 ന്റെ മുഖമുദ്രകളായിരുന്നു. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഉപയുക്തമായ രീതിയിൽ സംഘടിപ്പിച്ച വൈഗ അഗ്രിഹാക്കും ശ്രദ്ധേയമായി. കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, വിജയഗാഥകൾ, മൂല്യവർധിത സംരംഭങ്ങൾ എന്നിവ പരിചയപ്പെടുത്തുന്ന 250-ലേറെ സ്റ്റാളുകളും 18-ലേറെ കാർഷിക പ്രാധാന്യമുള്ള വിഷയങ്ങളിൽ നടത്തിയ സെമിനാറുകളും ജനശ്രദ്ധ നേടുകയുണ്ടായി.

വൈഗ കാർഷിക മഹാമേളയു

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്



ടെ ഉദ്ഘാടനം ഫെബ്രുവരി 25-ാം തീയതി ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദിന്റെ അധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.

പത്മശ്രീ ശ്രീ. ചെറുവയൽ രാമൻ, നബാർഡ് ചെയർമാൻ കെ വി ഷാജി എന്നിവരെ വേദിയിൽ ആദരിച്ചു. കൃഷിവകുപ്പിന്റെ മൂല്യവർദ്ധിതഉത്പന്നങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന ബ്രാൻഡായ കേരൾ അഗ്രോയുടെ ലോഗോ പ്രകാശനം കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് നബാർഡ് ചെയർമാൻ ശ്രീ. കെ വി ഷാജിക്ക് നൽകി പ്രകാശനം ചെയ്തു. സിക്കിം ബഹു. കൃഷി മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ലോക്നാഥ് ശർമ്മ, അരുണാചൽ പ്രദേശ് കൃഷി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ടഗേ ടകി, ഹിമാചൽ പ്രദേശ് കൃഷി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ചന്ദേർകുമാർ എന്നിവരുടെ സാന്നിധ്യവും ചടങ്ങിന് മിഴിവേകി.

സംസ്ഥാനത്തെ കാർഷികോത്പന്നങ്ങൾ ആകർഷകമായ പാക്കറ്റുകളിൽ നൽകുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പുവെച്ചു. ഇങ്ങനെ ശ്രദ്ധേയമായ ചുവടുവയ്പ്പുകളിലൂടെ മികച്ച സംഘടനാ മികവിലൂടെ വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ മൂല്യവർദ്ധന മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുന്നതിനുള്ള വഴിത്താരകളൊരുക്കിയാണ് വൈഗ 2023 മുന്നേറുന്നത്.

## മൂല്യ വർദ്ധന രംഗത്തെ വിസ്മയ കാഴ്ചകളുമായി വൈഗ സ്റ്റാളുകൾ

കാശ്മീർ താഴ്വരയിലെ ഭൗമസൂചിക പദവിയുള്ള കുങ്കുമപ്പൂവ്, റോഡോഡെൻഡ്രോൺ എന്ന പൂവ് ചേർത്ത ഹെർബൽ ചായപ്പൊടി, എന്നു തുടങ്ങി കാർഷിക ഉത്പന്നങ്ങളുടെ ഒരു വൻ ശേഖരമാണ് വൈഗ 2023- ലൂടെ കൃഷിവകുപ്പ് തിരുവനന്തപുരത്ത് ഒരുക്കിയത്. കാശ്മീർ ഉൽപ്പന്നങ്ങളെ കൂടാതെ, ആന്ധ്രപ്രദേശ്, ആസാം, സിക്കിം, തമിഴ്നാട്, കർണാടക, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരള കൃഷിവകുപ്പിന്റെ വിവിധ മൂല്യവർധിത ഉത്പന്നങ്ങളും മേളയിൽ ലഭ്യമാക്കി. കാർഷിക മൂല്യവർദ്ധനവിന്റെ സാധ്യതകൾ തുറന്നു കാണിക്കുന്ന തീം സ്റ്റാളിലൂടെയാണ് വൈഗയിലേക്ക് സന്ദർശകർക്കുള്ള പ്രവേശനം .

പത്മശ്രീ ശ്രീ. ചെറുവയൽ രാമന്റെ കട്ടൗട്ടിനൊപ്പവും കൃഷിയാവശ്യത്തിന് പറന്നു നടക്കുന്ന ഡ്രോണിനൊപ്പവും നിറഞ്ഞ പച്ചക്കറിക്കുട്ടയ്ക്കൊപ്പമുള്ള സെൽഫി പോയിന്റുകൾ ജനശ്രദ്ധ ആകർഷിച്ചു. കൃഷി വകുപ്പിന്റെ മൂല്യ വർധിത ഉത്പന്നങ്ങളെ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് ആരംഭിച്ച ബ്രാൻഡായ 'കേരൾ അഗ്രോ'യിൽ ലിസ്റ്റ് ചെയ്ത ഉത്പന്നങ്ങൾ പരിചയപ്പെടുവാൻ അവസരം ആദ്യസ്റ്റാളിൽ തന്നെ ഒരുക്കിയിരുന്നു. അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ടിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള വിവിധയിനം വന ഉൽപ്പന്നങ്ങൾ മേളയുടെ പ്രധാന ആകർഷണമായി. പൂർണ്ണമായും വനത്തിൽ നിന്നും ശേഖരിക്കുന്ന കുരുമുളക്, ഏലം, മഞ്ഞൾ, ശുദ്ധമായ കോഫി പൗഡർ, മഞ്ഞക്കൂവപ്പൊടി, ചീവിക്കപ്പൊടി, തെള്ളി (വനത്തിൽ നിന്നും ലഭിക്കുന്ന ഒരിനം കുന്തിരിക്കം), കുടംപുളി, ഇഞ്ചി, മുളയരി എന്നിവ വാങ്ങാനും അവസരമൊരുക്കി. രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാം ആയ ആലുവ സ്റ്റേറ്റ് സീഡ്





ഫാമിന്റെ സ്റ്റാളിൽ നിന്നും വിവിധയിനം ജൈവ കാർഷിക ഉത്പാദനോപാധികൾ, കുണപജല, വെർമിവാഷ്, അമിനോ ഫിഷ്, മൈക്കോറൈസ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തവിടോടുകൂടിയ പുട്ടുപൊടി, സംശുദ്ധമായ ജൈവ അരി, വെട്ടുമാങ്ങ അച്ചാർ, റാഗി പൊടി, മഞ്ഞൾപൊടി തുടങ്ങിയവ സ്റ്റാളുകളിൽ ലഭ്യമാക്കിയിരുന്നു. കേരള കാർഷിക യൂണിവേഴ്സിറ്റിയുടെ സ്റ്റാളുകളുടെ ഒരു ശൃംഖല തന്നെ ഒരുക്കിയിരുന്നു.

അന്താരാഷ്ട്ര ചെറു ധാന്യ വർഷത്തോടനുബന്ധിച്ച് മില്ലറ്റ് എക്സ്പോയിലൂടെയാണ് യൂണിവേഴ്സിറ്റി സന്ദർശകരെ വരവേറ്റത്. ചാമ, കുതിരവാലി, ജോബ് ടിയേഴ്സ്, തിന, വരക്, കൂവരവ്, തുടങ്ങിയ ചെറു ധാന്യങ്ങളെയും അവയുടെ ചെടികളെയും ഇവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളും പരിചയപ്പെടുത്തിയിരുന്നു. തുടർന്ന് ഫ്ളവർ അറേഞ്ച്മെന്റ് ടെറേറിയം, ഡ്രൈഫ്ളവർ ഉൽപ്പന്നങ്ങൾ തുടങ്ങിയവയും വിവിധയിനം വാഴയിനങ്ങളായ പിസാംഗ് ജെറിബ്വായ, പിസാംഗ് സെറിബു, സകായി, ചൈനീസ് കാവണ്ടിഷ് തുടങ്ങിയവയും പ്രദർശനത്തിനുണ്ടായിരുന്നു. വിവിധ ഇനം മഞ്ഞൾ ഇനങ്ങളായ കാന്തി, ശോഭ, സോന, വർണ്ണ എന്നിവയും നാളികേര സങ്കരഇനങ്ങൾ, തേൻ ഉൽപ്പന്നങ്ങൾ തേങ്ങയിൽ നിന്നും ചക്കയിൽ നിന്നുമുള്ള വാക്വം ഡ്രൈഡ് ഉൽപ്പന്നങ്ങൾ എന്നു തുടങ്ങി ഒരു കർഷകന് മൂല്യവർധിത ഉൽപ്പന്നങ്ങളുടെ മേഖലയിലേക്ക് അറിവുപകരുന്നതായിരുന്നു കാർഷിക സർവകലാശാല സ്റ്റാളുകൾ.

മറ്റു സംസ്ഥാന സ്റ്റാളുകളിൽ കാശ്മീരി ആപ്പിൾ, വാൽനട്ട്, ഡ്രൈ ഫ്രൂട്ട്സ്, തേങ്ങയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ തുടങ്ങിയ ഓരോ പ്രദേശത്തെയും പ്രത്യേകത നിറഞ്ഞ ഉൽപ്പന്നങ്ങൾ, കേന്ദ്രകാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ സ്റ്റാളുകൾ, നബാർഡ് ധനസഹായം നൽകുന്ന ഏജൻസികളുടെ സ്റ്റാളുകൾ, എസ്. എഫ്. എ. സിയുടെ ആഭിമുഖ്യത്തിലുള്ള വിവിധ കർഷക ഉത്പാദകകമ്പനികളുടെയും സംഘടനകളുടെയും സ്റ്റാളുകൾ തുടങ്ങിയവ കർഷകർക്കും കാർഷിക സംരംഭങ്ങളിൽ താല്പര്യമുള്ളവർക്കും ഈ മേഖലയുടെ സാധ്യതകൾ വിളിച്ചോതുന്നവയായിരുന്നു. കാർഷിക മൂല്യവർദ്ധിത മേഖലയിലേക്ക് ആകർഷകരായി വരുന്ന സംരംഭകർക്ക് നിർദ്ദേശങ്ങൾ നൽകുവാനും വഴികാട്ടിയാകുവാനും വൈഗയിലൂടെ സാധിച്ചു. കാർഷിക








മേഖലയിലെ സാധ്യതകൾ അറിയിച്ചു കൊണ്ട് നബാർഡിന്റെയും കാർഷിക അടിസ്ഥാന സൗകര്യ നിധിയുടെയും എസ്. എഫ്. എ. സി. യുടെയും സ്റ്റാളുകൾ, വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി നൽകുന്നതിൽ കാർഷികബിസിനസ് ഇൻകുബേറ്ററും മേളയിലുണ്ടായിരുന്നു. കർഷക ക്ഷേമനിധി ബോർഡിന്റെ സ്റ്റാളിൽ സൗജന്യമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ അവസരമൊരുക്കി. പച്ചക്കറി വിത്തുകൾ, തൈകൾ, ഉൽപാദനോപാദികൾ, ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയവയുടെ വില്പനശാലകൾ നിരവധിയുണ്ടായിരുന്നു. കോട്ടൂർക്കോണം, മൂവാണ്ടൻ, ആൾസീസൺ തുടങ്ങിയ വിവിധയിനം മാവിനങ്ങൾ മുട്ടൻ വരിക്ക, തേൻവരിക്ക, വിയറ്റ്നാം ഏർലി തുടങ്ങിയ പ്ലാവിനങ്ങൾ, അലങ്കാര സസ്യങ്ങൾ, പഴവർഗ്ഗവിളകളുടെ തൈകൾ തുടങ്ങിയവ നഴ്സറികളിലൂടെ ലഭ്യമാക്കിയിരുന്നു..

## 39.76 കോടി രൂപയുടെ ഇൻററന്റുകൾ ഒപ്പു വച്ച് വൈഗ ബിസിനസ് മീറ്റ്

കാർഷിക സംരംഭങ്ങൾക്ക് വേണ്ടിയും വ്യവസായ സംരംഭങ്ങൾക്ക് വേണ്ടിയും മുഖാമുഖം നടത്തുന്ന കേരളത്തിലെ ആദ്യത്തെ ബിസിനസ് (ബി2ബി) മീറ്റ് വൈഗ വേദിയിൽ കൃഷിവകുപ്പ് സംഘടിപ്പിച്ചു. മീറ്റിൽ 39.76 കോടി രൂപയുടെ ഇൻഡന്റുകളാണ് ഒപ്പു വച്ചത്. ഇതിൽ ഇതിൽ എണ്ണ ഉൽപ്പന്നങ്ങൾ 1785.1 ലക്ഷം, സുഗന്ധവ്യഞ്ജനങ്ങൾ 998.39 ലക്ഷം, ധാന്യങ്ങളും ചെറു ധാന്യങ്ങളും 552.98 ലക്ഷം, പഴങ്ങൾ 312.10 ലക്ഷം, പച്ചക്കറികൾ 144.40 ലക്ഷം, തേനും ശർക്കര ഉൽപ്പന്നങ്ങളും 105.47 ലക്ഷം, കിഴങ്ങുവർഗങ്ങൾ 32.90 ലക്ഷം, കൂൺ ഉൽപ്പന്നങ്ങൾ 28.50 ലക്ഷം, ഔഷധ സസ്യങ്ങൾ 8.24 ലക്ഷം, കശുവണ്ടി ഉൽപ്പന്നങ്ങൾ 7.85 ലക്ഷം എന്നിവ ഉൾപ്പെടും. കർഷകരുടെ ഉൽപ്പന്നങ്ങളെ കേരളത്തിലെ പ്രധാന റീട്ടെയിൽ വിപണന ശൃംഖലകളായ ലുലു ഗ്രൂപ്പ്, പോത്തീസ്, രാമചന്ദ്രൻ സൂപ്പർ മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങളുമായി വ്യാപാരം ഉറപ്പിക്കാനും ഇതുവഴി സാധിച്ചു. മീറ്റിൽ പങ്കെടുത്ത പല സംരംഭകർക്കും ഭാവിയിൽ മാർക്കറ്റ് ഡിമാന്റനുസരിച്ച് ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനുള ഇൻഡന്റുകളും ഒപ്പു വച്ചു.

കാർഷിക ഉത്പാദകർക്കും സംരംഭകർക്കും വ്യവസായികൾക്കും ഒത്തുചേരാനും സംവദിക്കാനുമായി സംഘടിപ്പിച്ച വേദിയിൽ കേരളത്തിലങ്ങോളമിങ്ങോളമുള്ള കാർഷികമൂല്യവർധിത ഉൽപ്പന്നങ്ങളുടെ വ്യാപാര വിപണന മേഖലയിൽ വ്യാപൃതരായ 133 കർഷകർ, സ്ഥാപനങ്ങൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർ ഉല്പാദകരായി പങ്കെടുത്തു. ഗുജറാത്ത്, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ പ്രമുഖരായ 90 സംരംഭകർ, വ്യവസായികൾ, എക്സ്പോർട്ടേഴ്സ് എന്നിവർ ബയേഴ്സ് ആയും പങ്കെടുത്തു.

## അഗ്രി ഹാക്കത്തോൺ വിജയികളുടെ ആശയങ്ങൾ കാർഷിക മേഖലകളുടെ വികസനത്തിന് പ്രയോജനം

വൈഗ 2023 നോടുനുബന്ധിച്ച് വെള്ളായണി കാർഷിക കോളേജിൽ ഫെബ്രുവരി 25, 26, 27 ദിവസങ്ങളിൽ നടത്തിയ 'വൈഗ അഗ്രി ഹാക്കത്തോൺ' കാർഷിക മേഖലയ്ക്ക് പ്രതീക്ഷകൾ നൽകിക്കൊണ്ട് സമാപിച്ചു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ പരിഹാരം കണ്ടെത്തുകയെന്നതായിരുന്ന ഹാക്കത്തോണിന്റെ പ്രധാന ലക്ഷ്യം. കൃഷി വകുപ്പ് തിരഞ്ഞെടുത്തു നൽകിയ പതിനഞ്ചു പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച 101 ടീമുകളിൽ നിന്നും പ്രാഥമിക വിലയിരുത്തലിലൂടെ തെരഞ്ഞെടുത്ത 30 ടീമുകളാണ് കാർഷിക കോളേജിൽ ഗ്രാൻഡ്ഫിനാലയിൽ പങ്കെടുത്തത്. ഇതിൽ നിന്നും തെരഞ്ഞെടുത്ത 17 ടീമുകൾ അവസാന വട്ട പവർ ജഡ്ജ്മെന്റിൽ പങ്കെടുത്ത് തങ്ങളുടെ പ്രശ്നപരിഹാരം മാർഗങ്ങൾ ഓപ്പൺ ഫോറത്തിന് മുൻപായി അവതരിപ്പിക്കുകയുണ്ടായി. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് വൈവിധ്യമാർന്ന നൂതന ആശയങ്ങ



ളും പരിഹാരമാർഗ്ഗങ്ങളുമാണ് അവതരിപ്പിക്കപ്പെട്ടത്. ഈ വേദിയിൽ ജഡ്ജിങ്ങ് പാനലിനു പുറമേ ജനപ്രതിനിധികൾ, കൃഷി വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാലാ പ്രധിനിധികൾ, മീഡിയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

കോളേജ്, സ്റ്റാർട്ടപ്പ്, പൊതുവിഭാഗം എന്നിങ്ങനെ 3 വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിച്ചത്. പവർ ജഡ്ജ്മെന്റിൽ വിജയികളായവരുടെ ആശയങ്ങൾ കാർഷിക മേഖലക്ക് മുതൽക്കൂട്ടാണ്.

**കോളേജ് വിഭാഗം :**

**ഒന്നാം സമ്മാനം – ടീം മാക്സ് ക്രൂ**

കാലാവസ്ഥയുടെ വിവിധ ഘടകങ്ങൾ പരിശോധിച്ച് മുഞ്ഞ ബാധ ഉണ്ടായേക്കാവുന്ന സാഹചര്യം മുൻകൂട്ടി കണ്ട് കർഷകർക്ക് മുന്നറിയിപ്പ് നൽകുന്നതിനും, റിമോട്ട് സെൻസിംഗ് ഇമേജുകൾ, ഡ്രോൺ ക്യാമറ എന്നിവ ഉപയോഗിച്ച് എടുക്കുന്ന നെൽപ്പാടങ്ങളുടെ ചിത്രങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ വിശകലനം ചെയ്തു; മുഞ്ഞ (BPH) യുടെ ആക്രമണത്തെക്കുറിച്ചുള്ള വിശദശാംശങ്ങളും, പ്രതിരോധ മാർഗ്ഗങ്ങളും കർഷകരെ അറിയിക്കുന്നതിനും രാസവളങ്ങളും, കീടനാശിനികളും ആവശ്യമായ സ്ഥലത്തും, അളവിലും പ്രയോഗിക്കുന്നതിനും സഹായകമായ സംവിധാനം തയ്യാറാക്കി.

കീടബാധ പ്രതിരോധിക്കുന്നതിനും, കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കൈകൊള്ളുന്നതിനും സാധിക്കുന്നത് വഴി, വിള സംരക്ഷണം, മെച്ചപ്പെട്ട വിളവ്, കൂടുതൽ ആദായം എന്നിവ കർഷകർക്ക് നേട്ടമുണ്ടാക്കും.

**സ്റ്റാർട്ടപ്പ് വിഭാഗം:**

**ഒന്നാം സമ്മാനം – ടീം ഫ്യൂസിലേജ് ഇന്നോവേഷൻസ്**

ഡ്രോണുകളുടെ സഹായത്തോടെ വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്തി പ്രതിരോധിക്കുന്നതിനുള്ള ആധുനിക സങ്കേതം. കൃഷിയിടങ്ങളിൽ എത്തുന്ന വിവിധയിനം വന്യമൃഗങ്ങളെ തിരിച്ചറിയുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സ്ഥലവാസികൾക്കു അറിയിപ്പുകൾ നൽകുന്നതിനും, ഒപ്പം പ്രത്യേക തരം അൾട്രാസോണിക് ശബ്ദതരംഗങ്ങൾ പുറപ്പെടുവിച്ച് വിവിധയിനം വന്യമൃഗങ്ങളെ തുരത്തുന്നതിനുമുള്ള സങ്കേതം തയ്യാറാക്കി.

കേരളത്തിലുടനീളം, വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിക്കും, മനുഷ്യനും നാശനഷ്ട മുണ്ടാകുന്ന സാഹചര്യത്തിൽ, ഫലപ്രദമാക്കാവുന്ന സ്വയം പ്രവർത്തിക്കുന്ന ആധുനിക സംവിധാനം കർഷകരുടെ ജീവനും കൃഷിക്കും ആശ്വാസമേകുന്നതാണ്.

**പൊതുവിഭാഗം :**

**ഒന്നാം സമ്മാനം – ടീം കൊക്കോബോട്ട്**

റോബോട്ടിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന, നാളികേരം വിളവെടുക്കുന്ന സംവിധാനം.

ഏതു തരം തെങ്ങിൻ തടിയിലൂടെയും നീങ്ങി, തെങ്ങിന്റെ മണ്ടയിൽ എത്തി, നാളികേരം, നിറം എന്നിവ തിരിച്ചറിഞ്ഞു മൂപ്പെത്തിയ നാളികേരം മാത്രം റോബോട്ടിക് കൈ ഉപയോഗിച്ച് അടർത്തിയെടുക്കാൻ കഴിയുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള വയർലസ് സംവിധാനം തയ്യാറാക്കി.

നാളികേരം വിളവെടുക്കുന്നതിന്, തൊഴിലാളികളെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഫലപ്രദമായി ഈ സംവിധാനം ഉപയോഗപ്പെടുത്താം.

## 30.15 കോടി രൂപയുടെ പ്രൊജക്ടുകൾക്ക് രൂപം നൽകി വൈഗ ഡി പി ആർ ക്ലിനിക്കിന് പരിസമാപ്തി

വൈഗ 2023 -ന്റെ ഭാഗമായി ഫെബ്രുവരി 15 മുതൽ 17 വരെ തിരുവനന്തപുരം സമേതിയിൽ വച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുത്ത സംരംഭകരുടെ 50 സംരംഭകത്വ പ്രോജക്റ്റുകൾക്ക് രൂപരേഖ തയ്യാറാക്കി. 30.15 കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് വിശദമായ രൂപരേഖയായത്.

ശാസ്ത്ര സാങ്കേതികവിദ്യയിലൂന്നിയ പ്രോജക്ടുകൾ ശാസ്ത്രജ്ഞർ, ധനകാര്യ വിദഗ്ധർ, എ.ഐ.എഫ് (കാർഷിക അടിസ്ഥാന സൗകര്യ നിധി) പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, ഇൻകുബേറ്റർ വിദഗ്ധർ, നബാർഡിന്റെ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ പ്രതിനിധികൾ തുടങ്ങിയവർ ഉൾപെട്ട വിദഗ്ധ പാനലിനു മുന്നിൽ ചർച്ച ചെയ്ത് ഓരോ സംരംഭകർക്കും അവരവരുടെ സംരംഭക സ്വപ്നങ്ങൾക്ക് ഇണങ്ങുന്ന വിധമാണ് ഡി.പി.ആറുകൾ തയ്യാറാക്കുന്നതിന് ഫെബ്രുവരി പകുതിയോടെ തുടക്കം കുറിച്ചത്. ഇതിനുശേഷം കേരള കാർഷിക സർവകലാശാലയുമായി കൈകോർത്ത് കൊണ്ട് വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുമായി ചേർന്ന് സർവ്വകലാശാലയിലെ എക്കണോമിക്സ് വിഭാഗം അധ്യാപകരുടെ കൂട്ടായ മേൽനോട്ടത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി ഡിപിആർ ലാബ് ആരംഭിച്ചത്. ഫെബ്രുവരി 18ന് തുടങ്ങിയ ലാബിന്റെ പ്രവർത്തനം ഫെബ്രുവരി 28 വരെ നീണ്ടു. മാർച്ച് ഒന്നാം തീയതി ഡിപിആർ ഫൈനലൈസേഷൻ ദിനത്തോടനുബന്ധിച്ച്




ഇരുപതോളം വരുന്ന വിദഗ്ധ പാനലിസ്റ്റിന്റെ മുൻപാകെ നാളിതുവരെ ചെയ്ത പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും, ഡിപിആറിന്റെ കരട് രൂപം അവതരിപ്പിക്കുകയും ചെയ്തു. തുടർചർച്ചകൾക്കും കൂട്ടായ ആലോചനകൾക്കും തിരുത്തലുകൾക്കും ശേഷമാണ് ഡിപിആറിന്റെ അന്തിമ രൂപം ഉരുത്തിരിഞ്ഞത്.

പഴം - പച്ചക്കറികൾ, അരിയുടെ വിവിധ ഉൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക, പൈനാപ്പിൾ, നാളികേരം തുടങ്ങിയ വിവിധ കാർഷിക വിളകളിൽ ആധിഷ്ഠിതമായ സംരംഭങ്ങളാണ് ഡിപിആർ ക്ലിനിക്കിൽ വന്നിട്ടുള്ളത്. 50 ഡിപിആറുകളിൽ 6 നാളികേര സംരംഭങ്ങൾ, ഇൻപുട്ട് കസ്റ്റം ഹെയറിംഗ് സെന്ററുകൾ തുടങ്ങുന്ന ഒരു സംരംഭം, പഴം-പച്ചക്കറി മേഖലയിൽ 27 സംരംഭങ്ങൾ, 7 സുഗന്ധവ്യഞ്ജന സംരംഭങ്ങൾ, തേൻ മേഖലയിലെ രണ്ട് സംരംഭങ്ങൾ, ചെറു ധാന്യങ്ങൾക്കായി 4 സംരംഭങ്ങൾ, അരിയും അവയുടെ മൂല്യവർദ്ധനവിനുമായി 3 സംരംഭങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 31 സംരംഭങ്ങൾക്കും ഇതിനകം തന്നെ കാനറാ ബാങ്ക് വായ്പ നൽകുന്നതിനും തയ്യാറായി മുന്നിൽ വന്നിട്ടുണ്ട്.

## കുരുമുളക് പറിക്കുന്നതിനും പച്ചക്കറികൾ സംഭരിക്കുന്നതിനും കർഷക സൗഹൃദവിദ്യകൾ

പച്ചക്കറികളും പഴങ്ങളും ഇനി കേട്ടുകൂടാതെ ഒരു മാസം വരെ സൂക്ഷിക്കാം,അതും വളരെ കുറഞ്ഞ ചെലവിൽ; വൈഗവേദിയിൽ കർഷകർക്കായി പുതിയ സാങ്കേതികവിദ്യകളും കൃഷി വകുപ്പ് പരിചയപ്പെടുത്തി. IIT കാൺപൂർ പി എച്ച്ഡി സ്കോളറായ നിഖി കുമാർ ഝായാണ്, വൈഗവേദിയിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ 'സബ്ജി കോത്തി' എന്ന സാങ്കേതികവിദ്യ പുതുതായി പരിചയപ്പെടുത്തിയത്. 20 വാട്ട് വൈദ്യുതിയും കുറച്ച് വെള്ളവും ഉപയോഗിച്ച് 3 മുതൽ 30 ദിവസം വരെ പഴങ്ങളുടെയും പച്ചക്കറികളുടെയും പുതുമ നിലനിർത്താനും സൂക്ഷിച്ചു വയ്ക്കുവാനും കഴിയുന്ന, മൈക്രോക്ലൈമെറ്റ് അടിസ്ഥാനമാക്കിയുള്ള സംഭരണിയാണ് സബ്ജികോത്തി. എളുപ്പത്തിൽ എടുത്തുകൊണ്ട് പോകാൻ കഴിയുന്ന വിധം ഈ ഉപകരണം വളരെ ലളിതവുമാണ്. സാധാരണ വാഹനങ്ങൾ മുതൽ ട്രക്ക് വരെയുള്ള ഏത് സൗകര്യങ്ങളിലും ഇത് കൂട്ടിച്ചേർക്കാൻ കഴിയുമെന്നതാണ് സാങ്കേതികവിദ്യയുടെ പ്രത്യേകത. അതിനാൽ തന്നെ പഴങ്ങളും പച്ചക്കറികളും കേട്സംഭവിക്കാതെ പുതുമയുള്ളതായി നിലനിർത്താൻ കഴിയും. ഈ സ്റ്റോറേജ് ഒരു ചെറിയ കാർ ബാറ്ററി ഉപയോഗിച്ച് ദിവസങ്ങളോളം പ്രവർത്തിപ്പിക്കാം, കൂടാതെ സൗരോർജ്ജത്തിന്റെ ഓപ്ഷനുമുണ്ട്. തെരുവ് കച്ചവടക്കാർ, കച്ചവടക്കാർ, ചെറുകിട നാമമാത്ര കർഷകർ എന്നിവർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഈ സ്റ്റോറേജ് പരിസ്ഥിതി സൗഹൃദ രീതിയിൽ കർഷകരുടെ നഷ്ടം കുറക്കുവാനും, വരുമാനം 50% വരെ വർദ്ധിപ്പിക്കാനും സഹായിക്കുന്നു. (നിഖി കുമാർ ഝാ Ph: 8826217394)

തൃശ്ശൂർ പട്ടിക്കാട് ആശാരിക്കാട് സ്വദേശി ജോസ് കെ സി എന്ന കർഷകൻ വികസിപ്പിച്ച കുരുമുളക് വിളവെടുക്കുന്നതിനും ശേഖരിക്കുന്നതിനുള്ള ഉപകരണമാണ് മറ്റൊന്ന്. വൃക്ഷങ്ങളിൽ ഏണി വെച്ച് പ്രയാസപ്പെട്ട് കുരുമുളക് ശേഖരിക്കുന്നതിൽ നിന്ന് വിഭിന്നമായി, വളരെ എളുപ്പത്തിൽ ഈ ഉപകരണം മരത്തിന് ചുവട്ടിൽ നിന്നുകൊണ്ടുതന്നെ കുരുമുളക് വിളവെടുക്കാം. തോട്ടി പോലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ കുരുമുളക് താഴെ വീഴുകയും ചിതറി പോകുകയും ചെയ്യാറുണ്ട്. എന്നാൽ ഈ ഉപകരണത്തിൽ വിളവെടുക്കുന്ന കുരുമുളക് ശേഖരിക്കാനും ഇതിൽ തന്നെ സൗകര്യമുണ്ട്. ഈ സാങ്കേതിക വിദ്യയ്ക്ക് ഇദ്ദേഹം പേറ്റന്റിന് അപേക്ഷിച്ചിട്ടുമുണ്ട്.



# ദേശീയ സെമിനാർ – (AGMET 2022) ഫെബ്രുവരി 15, 17

അഡ്വാൻസെസ് ഇൻ അഗ്രോ മെറ്റീരിയോളോജിക്കൽ ഇന്റർവെൻഷൻസ് ഫോർ ക്ലൈമറ്റ് റെസിലിയൻറ് അഗ്രിക്കൾച്ചർ (Advances in Agrometeorological Interventions for Climate Resilient Agriculture- AGMET 2022)എന്ന വിഷയത്തിൽ അസോസിയേഷൻ ഓഫ് അഗ്രോമീറ്റിയറോളജിസ്റ്റ് ആനന്ദ് അധ്യായവും തമിഴ്നാട് കാർഷിക സർവകലാശാലയും സംയുക്തമായി തമിഴ്നാട് കാർഷിക സർവകലാശാലയിൽ ഫെബ്രുവരി 15 മുതൽ 17 വരെ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ കേരള കാർഷിക സർവകലാശാലയിലെ വിദ്യാർത്ഥികൾ പ്രബന്ധാവതരണത്തിൽ മികവ് തെളിയിച്ചു.

കാർഷിക കോളേജിലെ ഡോ. ബി.അജിത്കുമാർ, ഡോ. കെ. അജിത്, ഡോ.പി. ലിൻസി ഡേവിസ്, ശ്രീ. അർജ്ജുൻ വൈശാഖ് എന്നീ അധ്യാപകരുടെ നേതൃത്വത്തിൽ കാർഷിക കാലാവസ്ഥവിഭാഗം വിദ്യാർത്ഥികളായ ഫാസിൽ,സൗമ്യ സുരേഷ്, റിയ. കെ. ആർ. എന്നിവരും പൂർവ്വ വിദ്യാർത്ഥികളായ ഹരിത ലക്ഷ്മി, ചിന്ന രാജ്ജ എന്നിവരും പ്രബന്ധാവതരണത്തിൽ വിജയികളായി.



ഗവേഷണ പ്രവർത്തനങ്ങൾക്ക് അസോസിയേഷൻ ഓഫ് അഗ്രോ മീറ്റിയറോളജിസ്റ്റ് നൽകിവരുന്ന മികച്ച പ്രബന്ധത്തിനുള്ള പ്രൊഫ. പിഎസ്എൻ ശാസ്ത്രി പുരസ്കാരത്തിന് (2022) ചിന്ന രാജ്ജ (പൂർവ്വ വിദ്യാർത്ഥി) അർഹയായി.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും എന്ന വിഷയത്തിൽ പ്രബന്ധാവതരണത്തിൽ ശ്രീ. അർജ്ജുൻ വൈശാഖ് അധ്യാപക വിഭാഗത്തിൽ നിന്നും രണ്ടാം സ്ഥാനവും വിദ്യാർത്ഥി വിഭാഗത്തിൽ ഫാസിൽ ഒന്നാം സ്ഥാനവും നേടി. ഇതേ വിഷയത്തിൽ പോസ്റ്റർ അവതരണത്തിൽ ഹരിത ലക്ഷ്മി (പൂർവ്വ വിദ്യാർത്ഥി) ഒന്നാം സ്ഥാനത്തിന് അർഹയായി.

കാലാവസ്ഥാ സേവനങ്ങൾ, തദ്ദേശീയ സാങ്കേതിക പരിജ്ഞാനങ്ങൾ, വിദൂര സംവേദനം, ഭൂമിശാസ്ത്രപരമായ വിവര സംവിധാനം എന്ന വിഷയത്തിൽ കാർഷിക കാലാവസ്ഥ വിഭാഗത്തിലെ പൂർവ്വവിദ്യാർഥിയായ ചിന്ന രാജ്ജവിന് പ്രബന്ധാവതരണത്തിൽ ഒന്നാം സ്ഥാനവും ഇതേ വിഷയത്തിൽ പോസ്റ്റർ അവതരണത്തിൽ എസ്. സൗമ്യ സുരേഷിന് മൂന്നാം സ്ഥാനവും ലഭിച്ചു. ഹരിതഗൃഹ വാതകങ്ങൾ, വായു മലിനീകരണം, കാലാവസ്ഥ വ്യതിയാനം എന്ന വിഷയത്തിൽ പ്രബന്ധാവതരണത്തിൽ റിയ .കെ. ആർ. മൂന്നാം സ്ഥാനം നേടി.

# വാഴനാരുത്പാദനവും സംരംഭകത്വ സാധ്യതകളും പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരള ഗവൺമെന്റ് ധനസഹായത്തോടെ നടന്നുവരുന്ന പ്രകൃതി സൗഹൃദ ഗ്രോബാഗുകളിലെ വാർഷിക വിളകളുടെ കൃഷി എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി വാഴനാരുത്പാദനവും സംരംഭകത്വ സാധ്യതകളും എന്ന വിഷയത്തിൽ പരിശീലന പരിപാടി കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിശീലന പരിപാടിയിൽ വാഴ നാര് വേർതിരിക്കൽ, നിറം കൊടുക്കൽ, വാഴനാരുപയോഗിച്ചുള്ള വിവിധ തരം കരകൗശല വസ്തുക്കളുടെ നിർമ്മാണം, വസ്തു നിർമ്മാണ രംഗത്തുള്ള ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി. ഈ പരിപാടിയിൽ അൻപതോളം പേർ പങ്കെടുത്തു. ഡോ.പി.ബി.പുഷ്പലത, റിട്ട.പ്രൊഫസർ, ഡോ.വിമി ലൂയിസ്, പ്രൊഫസർ & ഹെഡ്, ഡോ.അഭില എസ്.ആർ, അസിസ്റ്റന്റ് പ്രൊഫസർ, ഡോ.ഡിക്കോ ജോസ് എം, അസിസ്റ്റന്റ് പ്രൊഫസർ എന്നിവർ ക്ലാസുകൾ നയിച്ചു.വസ്തു നെയ്ത്ത് വിപണന രംഗത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന ശ്രീ. വിനോദ് പട്ടാമ്പി പരിശീലന പരിപാടിയിൽ പങ്കെടുത്ത് പരിശീലകർക്ക് അറിവു പകരുകയും, ഈ മേഖലയിലെ വിപണന സാധ്യതകളെക്കുറിച്ച് വിശദമായി സംസാരിക്കുകയും ചെയ്തു.

തികച്ചും പാഴ്വസ്തുവായി തള്ളിക്കളഞ്ഞിരുന്ന വാഴയുടെ പിണ്ടിയിൽ നിന്നും വാഴപോളകൾ അടർത്തിയെടുത്ത് അതിൽ നിന്നും വാഴനാര് വേർപെടുത്തി എടുത്ത് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക എന്നത്

കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക യും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വഴിവയ്ക്കുന്നു. വാഴനാരുപയോഗിച്ചുള്ള കരകൌ ശല വസ്തുക്കൾക്കു പുറമെ നിത്യോപ യോഗസാധനങ്ങളുടെ നിർമ്മാണവും വളരെ വിപണന സാധ്യതയുള്ളതാ ണ്. കാർഷിക മേഖലയിലെ നഷ്ട സാധ്യതകൾ പരിഹരിക്കുന്നതിന് ഒരു മാർഗ്ഗമായി വാഴനാരുൽപ്പന്ന നിർമ്മാണം കണക്കാക്കുന്നു. കേരള ത്തിന്റെ വിവിധ ജില്ലകളിൽ നിന്നും, തമിഴ്നാട് ഉടങ്ങി അന്യ സംസ്ഥാനങ്ങ ളിൽ നിന്നും ഈ വിഷയത്തിൽ പരി ശീലനം തേടി ആളുകൾ എത്തുന്നത് വാഴനാരുൽപ്പന്നങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു



# കോൾപാടത്ത് ഡ്രോൺ പറന്നു

കേ കേരള കാർഷിക സർവകലാ ശാലയുടെയും പാറയ്ക്കൽ കൃഷി ഭവന്റെയും നേതൃത്വത്തിൽ പടിയൂർ പൂമംഗലം കോൾ പാട ശേഖരത്തിലും മനയ്ക്കൽ പാടശേഖരത്തിലും ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലക മിശ്രിതം തളിച്ചു. കാർഷികമേഖലയിലെ സാ ങ്കേതിക വിദ്യകളിൽ ഉണ്ടായ മാറ്റങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തി ഉത്പാ ദനക്ഷമതയിൽ വർദ്ധനവ് ഉണ്ടാക്കു വാനും അതുവഴി കർഷക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പ്രദർശ നം നടത്തിയത്. മനയ്ക്കലെ കോളിൽ 9 ഏക്കറിൽ മനുരത്ന നെല്ലിനത്തിലും, പാ റയ്ക്കൽ കോളിലെ 6 ഏക്കർ ശ്രേയസ് നെല്ലിനത്തിലും ആണ് കെ എ യു വിക സിപ്പിച്ചെടുത്ത സമ്പൂർണ്ണ സൂക്ഷ്മ മൂലക മിശ്രിതം തളിച്ചത്.

വെള്ളാങ്ങല്ലൂർ എ. ഡി. എ ശ്രീ. മുഹമ്മദ് ഹാരിസ്, AKC നോഡൽ ഓഫീസർ ശ്രീമതി. ജാലിയ എം.കെ, കൃഷി ഓഫീസർ ശ്രീമതി. റുബീന സി.എം, കെ.എ.യു ശാസ്ത്രജ്ഞ ശ്രീമതി. അശ്വതി കൃഷ്ണ, സാങ്കേതിക വിദഗ്ധർ, പാടശേഖര സമിതി ഭാരവാഹികൾ, പ്ര ദേശവാസികൾ എന്നിവർ പങ്കെടുത്തു



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh